**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യ വകുപ്പ്- മഞ്ചേരി നഗരസഭയിൽ സൂപ്രണ്ടായ ശ്രീ.ജി.ശ്രീകുമാർ- ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 728/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.03.2019

---

പരാമർശം : 1. മഞ്ചേരി നഗരസഭയിൽ സൂപ്രണ്ടായ ശ്രീ.ജി.ശ്രീകുമാറിന്റെ 30.04.2016 തീയതിയിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.

2. നഗരകാര്യഡയറക്ടറുടെ 23.07.2018 തീയതിയിലെ ഡി.സി.1-33344/17 നമ്പർ കത്ത്.

## ഉത്തരവ്

മഞ്ചേരി നഗരസഭാ സൂപ്രണ്ട് ശ്രീ. ജി ശ്രീകുമാർ ഹൃദയസംബന്ധമായ അസുഖത്തിന് മഞ്ചേരി കൊരമ്പയിൽ ഹോസ്പിറ്റൽ ആന്റ് ഡയഗ്നോസ്റ്റിക് സെന്ററിൽ ചികിത്സ നടത്തിയതിന് ചെലവായ തുക റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിലേയ്ക്ക് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ, സർക്കാരിന്റെ പ്രത്യേകാനുമതിക്ക് ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം മഞ്ചേരി നഗരസഭാ സൂപ്രണ്ട് ശ്രീ. ജി ശ്രീകുമാർ ഹൃദയസംബന്ധമായ അസുഖത്തിന് മഞ്ചേരി കൊരമ്പയിൽ ഹോസ്പിറ്റൽ ആന്റ് ഡയഗ്നോസ്റ്റിക് സെന്ററിൽ ചികിത്സ നടത്തിയതിന് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ തുകയുടെ (92172/- രൂപ) 80% ആയ 73,738/- രൂപ (എഴുപത്തി മൂന്നായിരത്തി എഴുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, മഞ്ചേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. ജി ശ്രീകുമാർ, സൂപ്രണ്ട്, മഞ്ചേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ